# സപ്തധാരാ പദ്ധതികൾ

യുഡിഎഫ് സർക്കാരിന്റെ ഒരു വർഷ കർമപരിപാടി (2011 നവംബർ 2012 ഒക്ടോബർ). കേരളത്തിന്റെ വികസനവും കരുതലും എന്ന ലക്ഷ്യത്തിലേക്ക് ഏഴു വഴികൾ.

1) **സുതാര്യം** – അഴിമതിരഹിതവും സുതാര്യവുമായ ഭരണം

2)**സുന്ദരം**– മാലിന്യനിർമാർജനവും പരിസ്ഥിതി സംരക്ഷണവും

3)**സമൃദ്ധം**– സാമ്പത്തികരംഗം അതിവേഗം വളരാനും തൊഴിലില്ലായ്മ പരിഹരിക്കാനുമുള്ള നടപടികൾ

4) **സുദൃഢം**– സുശക്തമായ അടിസ്ഥാനസൗകര്യങ്ങൾ

5) **ആരോഗ്യകരം**– മികച്ച ചികിത്സാ സൗകര്യങ്ങൾ എല്ലാവർക്കും

6) **വിവര വിജ്ഞാനാധിഷ്ഠിതം**– വിവരവിജ്ഞാന മേഖലയിൽ കുതിപ്പ്

7) **സംതൃപ്തം**– മാനവശേഷി വികസനവും സുരക്ഷയും ക്ഷേമവും

## 1) സുതാര്യകേരളം – അഴിമതിരഹിതവും സുതാര്യവുമായ ഭരണം

- സേവനാവകാശ നിയമം നടപ്പിലാക്കും. ഇതോടെ ജനങ്ങൾക്കു സമയബന്ധിതമായി സർക്കാർ ഓഫീസുകളിൽ നിന്നുള്ള സേവനം ഉറപ്പാക്കും.
- ഫയലുകളുടെ നീക്കം നിരീക്ഷിക്കുന്നതിനായി നിലവിലുള്ള IDEAS (Information & Data Exchange Advanced System) സംവിധാനം സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകളിലും നടപ്പിലാക്കും.
- ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി വ്യവസായങ്ങൾക്ക് ഏകജാലക ക്ലിയറൻസ് നല്കും.
- സി.ബി.എസ്.ഇ/ഐ.സി.എസ്.സി സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിന് കൃത്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കും. ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേലും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപടി സ്വീകരിക്കും.
- നിലവിലുള്ള സ്കൂളുകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കും. വിദ്യാഭ്യാസ അവകാശ നിയമത്തിനനുസരിച്ച് മാത്രം അംഗീകാരം നൽകും.
- ഏറ്റെടുത്തിട്ടുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടേയും സമയം, അടങ്കൽ തുക എന്നിവയും അതിൽ മാറ്റം വരുന്നെങ്കിൽ ആയതിന്റെ കാരണവും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
- State Whistle Blower Protetcion Policy യുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള expert കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് അഴിമതി വെളിച്ചത്തുകൊണ്ടുവരുവാൻ സഹായിക്കുന്നവർക്ക് ഉചിതമായ reward നൽകുന്നതാണ്. അവർക്ക് പൂർണ സംരക്ഷണവും നല്കും.
- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഫലപ്രദമായ അഴിമതി നിരോധന സംവിധാനമാക്കി മാറ്റുന്നതിനും സമയബന്ധിതമായി വിജിലൻസ്

അന്വേഷണങ്ങൾ പൂർത്തിയാക്കുന്നതിനും അന്വേഷണങ്ങളെ മൂന്നു വിഭാഗങ്ങളായി (A,B &C) തരംതിരിച്ച് ത്വരിതപ്പെടുത്തുന്നതിനും നടപടി.

- നോക്കുകൂലിയും അമിതകൂലിയും ഇല്ലാതാക്കും.
- എല്ലാ കായിക സംഘടനകളും ഒരു സ്പോർട്ട്സ് ചാർട്ടർ പ്രസിദ്ധീകരിക്കുകയും അതനുസരിച്ചുള്ള സേവനങ്ങൾ കായിക താരങ്ങൾക്ക് ലഭ്യമാക്കുമെന്ന് ഉറപ്പ് വരുത്തുകയും ചെയ്യും.
- മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനമായ സുതാര്യ കേരളം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാതല സുതാര്യ കേരളം സെൽ രൂപീകരിക്കും.
- ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിൽ പോലീസുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കും. ഏതു സ്റ്റേഷനിലെ പരാതിയും ഏതു ജനസേവനകേന്ദ്രത്തിലും നല്കാം. ഇതിന്മേൽ നടപടി എടുത്ത ശേഷം പരാതിക്കാരനെ വിവരം അറിയിക്കും.
- പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കുവാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഹെൽപ് ഡെസ്ക് ഏർപ്പെടുത്തും. ഹെൽപ് ഡെസ്ക്കുകളിൽ ഒരു വനിതാ സിവിൽ പോലീസ് ഓഫീസർ ഉണ്ടായിരിക്കും.
- ഇടുക്കി ജില്ലയിലെ കെ.ഡി.എച്ച്. വില്ലേജിൽ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് റവന്യൂ വകുപ്പ് ജണ്ടയിട്ട് തിരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കും.

## 2)സുന്ദരകേരളം– മാലിന്യനിർമാർജനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ഊന്നൽ

- ഒരു വർഷം നീളുന്നതും ഇതിനകം തുടക്കം കുറിച്ചുകഴിഞ്ഞതുമായ **ശുചിത്വകേരളം** പരിപാടിക്ക് പ്രത്യേക ഊന്നൽ. എല്ലാ മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും ഇതു നടപ്പാക്കും. ഇ–ടോയ്ലെറ്റ് സംവിധാനം, വീടുകൾ കേന്ദ്രീകരിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾക്കും കമ്പോസ്റ്റിംഗ് യൂണിറ്റുകൾക്കും ഉയർന്ന സബ്സിഡി.
- എല്ലാ പഞ്ചായത്തുകളിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ആരംഭിക്കും

- ശബരിമല മാലിന്യമുക്തമാക്കുന്നതിനു നവംബറിൽ ആരംഭിച്ച പ്രത്യേക പ്രചാരണ പരിപാടികൾ തുടരുന്നതാണ്.
- പമ്പ ആക്ഷൻ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾക്ക് ആരംഭം കുറിക്കുകയും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെയുള്ളവയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്യും.
- നിള നദിയുടെ സമഗ്രവികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന ജോലി വിദഗ്ധ ഏജൻസിയെ ഏല്പിക്കും. പദ്ധതിക്ക് തുടക്കം കുറിക്കും.
- ജലാശയങ്ങളിലെ മലിനീകരണം തടയാൻ നടപടി. വേമ്പനാട് കായൽ സംരക്ഷണത്തിന് 10 കോടി കേന്ദ്രം ഇതിനോടകം അനുവദിച്ചു. 90 കോടിയുടെ വിദേശ ധനസഹായം പ്രതീക്ഷിക്കുന്നു. ശാസ്താംകോട്ട കായൽ സംരക്ഷണത്തിന് മൂന്നുകോടിയുടെ പദ്ധതി നടപ്പാക്കുന്നു.
- സംസ്ഥാന ശാസ്ത്ര, സാങ്കേതിക, പരിസ്ഥിതി കൗൺസിൽ കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് വിവരശേഖരണം നടത്തും.

## 3)സമൃദ്ധകേരളം- സാമ്പത്തികരംഗം അതിവേഗം വളരാനും തൊഴിലില്ലായ്മ പരിഹരിക്കാനുമുള്ള നടപടികൾ

- **എമർജിംഗ് കേരള** എന്ന പേരിൽ 2012 സെപ്റ്റംബറിൽ നിക്ഷേപ സംഗമം നടത്തും. കേരളത്തെ ലോകത്തിനു മുമ്പിൽ ബ്രാൻഡ് ചെയ്യുന്ന സുപ്രധാന പരിപാടി. വ്യവസായ പ്രമുഖർ, സാമ്പത്തിക വിദഗ്ധർ, നിക്ഷേപകർ തുടങ്ങിയവർ പങ്കെടുക്കും. ഇതിനായി മുഖ്യമന്ത്രി ചെയർമാനായ ഉന്നതാധികാര സമിതി രൂപീകരിച്ചു.
- **മെഗാപദ്ധതികൾ:** കേരളത്തിന്റെ മുഖച്ഛായ മാറ്റിമറിക്കാൻ കഴിയുന്ന വൻകിട പദ്ധതികൾ വഴിത്തിരിവിലേക്ക്. തിരുവനന്തപുരം മുതൽ മംഗലാപുരം വരെ നീളുന്ന അതിവേഗ തീവണ്ടി ഇടനാഴിയുടെ സാധ്യതാ പഠനം പൂർത്തിയാക്കും. കേരള ഹൈസ്പീഡ് റെയിൽ കോർപറേഷൻ എന്ന പുതിയ കമ്പനിക്കായിരിക്കും ഇതിന്റെ ചുമതല. വിശദമായ പ്രൊജക്ട് റിപ്പോർട്ട്

തയ്യാറാക്കുന്നതിനും പദ്ധതിക്കാവശ്യമായ പണം കണ്ടെത്തുന്നതിനും നടപടികളെടുക്കും.

- കൊച്ചി മെട്രോയുടെ ജോലികൾ മുന്നോട്ട്. നോർത്ത് മേൽപാലം പൊളിക്കാൻ ആരംഭിച്ചു. മേൽപ്പാലം പണിയുന്നതിനു സ്ഥലമെടുക്കാൻ കൊച്ചി നഗരസഭയ്ക്ക് 48 കോടി രൂപ നല്കി. ആദ്യഘട്ടം 154 കോടി രൂപ അനുവദിച്ചു.
- കോഴിക്കോട്, തിരുവനന്തപുരം മോണോറെയിൽ പദ്ധതികളുമായി മുന്നോട്ടുപോകും. കോഴിക്കോടിന്റെ സാധ്യതാ പഠനം പൂർത്തിയായി. നാറ്റ്പാക്കാണ് തിരുവനന്തപുരത്ത് പഠനം നടത്തുന്നത്.
- കൊച്ചി–കോയമ്പത്തൂർ വ്യവസായ ഇടനാഴിയുടെ സാധ്യതാ പഠനം പൂർത്തിയാക്കും. മുംബൈ– ഡൽഹി വ്യവസായ ഇടനാഴിയുടെ മാതൃകയാണ് ഇതിനു സ്വീകരിക്കുക.
- സ്മാർട്ട് സിറ്റിക്ക് തുടക്കംകുറിച്ചു. വെള്ളം, ലിങ്ക് റോഡുകൾ, ഊർജസജ്ജീകരണങ്ങൾ എന്നിവ കിൻഫ്ര നല്കുന്നതാണ്.
- കൊല്ലം– കോട്ടപ്പുറം ദേശീയ ജലപാത പൂർത്തീകരിക്കും.
- വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി മുന്നോട്ട്. കൺസോർഷ്യങ്ങൾക്ക് പ്രതിരോധ വകുപ്പിന്റെ സുരക്ഷാ അനുമതി ലഭിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതികൂടി ലഭിച്ചാൽ കമ്പനികളുടെ സാമ്പത്തിക ടെൻഡർ തുറക്കാം.
- ഉത്തരകേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന അഴീക്കൽ തുറമുഖത്തെ ബാർജിംഗ് പോർട്ടായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും.
- കേരളത്തിൽ ഗ്യാസ് അധിഷ്ഠിത അനുബന്ധ പദ്ധതികൾക്കായി കെ.എസ്.ഐ..ഡി.സിയും ഗെയിലും ഒപ്പുവച്ച സംയുക്ത സംരംഭത്തിന് കമ്പനി രൂപീകരിക്കും. അതിവേഗ ഗ്യാസ് ലൈറ്റുകൾ, നഗര ഗ്യാസ് പദ്ധതി വികസിപ്പിക്കൽ, പ്രകൃതി വാതകാധിഷ്ഠിത ശേഷി വികസന കേന്ദ്രം, ഗ്യാസ് അധിഷ്ഠിതമായ ചെറിയ പവർ പ്ലാന്റുകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പാക്കാനാവും. ഉപയോക്താക്കൾക്ക് ദ്രവരൂപത്തിലുള്ള വാതകം എത്തിക്കുന്നതിനു ഗ്യാസ് ടാങ്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന 2000 കോടിയുടെ പദ്ധതിയാണിത്.

- ബിപിസിഎല്ലിന്റെ കൊച്ചി റിഫൈനറിയുടെ വികസനത്തിന് സംസ്ഥാന സർക്കാർ ഇടപെടും. കേരളത്തിന്റെ ചിരകാലാഭിലാഷമായ പെട്രോകെമിക്കൽ കോംപ്ലക്സ് ഇതോടെ യാഥാർത്ഥ്യമാകും 18,000 കോടി രൂപയുടേതാണു പദ്ധതി.
- കണ്ണൂർ വിമാനത്താവള പദ്ധതിക്കു വേണ്ടി എയർപോർട്ട് അഥോറിറ്റി ഓഫ് ഇന്ത്യയുടെ ഡിപിആർ തയാറാകുന്നു. സെസിന്റെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ഉടനെ ലഭിക്കുന്നതാണ്. 2012ൽ ടെണ്ടർ ചെയ്യാമെന്നു പ്രതീക്ഷിക്കുന്നു. റൺവെയുടെ നിർമാണം അടുത്ത വർഷം ആരംഭിക്കും.
- പാലക്കാട് കഞ്ചിക്കോട്ട് റെയിൽവെ കോച്ച് ഫാക്ടറി സ്ഥാപിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിൽ.
- ഒരു വർഷമായി മുടങ്ങിക്കിടക്കുന്ന ദേശീയപാതാ വികസനം പുനരാരംഭിക്കുന്നു. ദേശീയപാത 17ഉം 47 ഉം നാലുവരി ആക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കും. സ്ഥലമെടുപ്പിനു പ്രത്യേക പാക്കേജ് നടപ്പാക്കും.
- വികസന പ്രവർത്തനങ്ങൾക്കായി ഭൂമി എറ്റെടുക്കൽ, സമാശ്വാസം, മാറ്റി ത്താമസിപ്പിക്കൽ, പുനരധിവാസം എന്നിവ സംബന്ധിച്ച് ഭൂമിയുടെ പ്രതിഫ ലമായി ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ നൽകി ഭൂവുടമകളെക്കൂടി വിക സന പ്രവർത്തനത്തിന്റെ പങ്കാളികളാക്കി മാറ്റുന്ന നൂതന പദ്ധതി നടപ്പാക്കും.

## മത്സ്യസമൃദ്ധി

- ഉൾനാടൻ മത്സ്യോത്പാദനം മൂന്നു ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും **മത്സ്യസമൃദ്ധി** പദ്ധതി ആരംഭിക്കുന്നതാണ്.
- പതിനായിരം മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽസാധ്യത വർദ്ധനവിനായി 6% പലിശനിരക്കിൽ ഒരാൾക്ക് 10000 രൂപവീതം ഗ്രൂപ്പടിസ്ഥാനത്തിൽ 60 കോടി രൂപയുടെ പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കും.
- ആലപ്പുഴയിൽ കയർ യന്ത്ര നിർമ്മാണ ഫാക്ടറി ആരംഭിക്കും

- തൊണ്ടു സംഭരണ പദ്ധതി കാര്യക്ഷമമാക്കും.
- അന്താരാഷ്ട്ര കയർ ഫെയർ (കയർ കേരള) നടത്തും
- ഉത്തരവാദ ടൂറിസം പദ്ധതി 10 കേന്ദ്രങ്ങളിൽ കൂടി വ്യാപിപ്പിക്കും.
- ആലപ്പുഴ, വയനാട് ടൂറിസം മാസ്റ്റർ പ്ലാൻ പദ്ധതി കേന്ദ്രത്തിനു സമർപ്പിക്കും.
- മുസരീസ് ഹെറിറ്റേജ് പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കും.

**ജൈവകൃഷി വ്യാപിപ്പിക്കും**

- ജൈവ കൃഷി വ്യാപന പദ്ധതി നടപ്പാക്കും. ജൈവ കാർഷിക ഔഷധ കേന്ദ്രങ്ങൾ തുറക്കുന്നതാണ്. വിത്തുമുതൽ വിപണി വരെയുള്ള സൗകര്യങ്ങൽ പ്രദാനം ചെയ്യുന്ന നിറവ് പദ്ധതി നടപ്പാക്കും.
- അടയ്ക്കാ കർഷകർക്ക് 10 കോടിയുടെ പദ്ധതി. ഏലത്തിന് വില നിയന്ത്രണ ഫണ്ട്. നെൽഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കാൻ 1.70 ലക്ഷം ഹെക്ടർ പ്രദേശത്തിന് ഹെക്ടറിന് 1500 രൂപ നിരക്കിൽ ധനസഹായം. മുഴുവൻ നെൽകർഷകർക്കും വിള ഇൻഷ്വറൻസ്. 2735 ഹെക്ടറിൽ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി. 10500 ഹെക്ടറിൽ സമഗ്ര നാളികേര വികസന പദ്ധതി. വയനാട്ടിൽ 5400 ഹെക്ടറിൽ കുരുമുളക് പുനരുദ്ധാരണ പദ്ധതി. 20,000 കർഷകർക്ക് ഹെൽത്ത് ഇൻഷ്വറൻസ് കാർഡ്.
- 200 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം / ബാങ്കുകൾക്ക് സർക്കാർ ഓഹരി മൂലധനം നൽകും.
- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന 2500 കോടി രൂപ കാർഷിക വായ്പ നൽകും
- കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന 25000 കർഷകർക്ക് പലിശ യിൽ കിഴിവ് /സബ്സിഡി നൽകും.
- കർഷകർക്ക് കൃത്യസമയത്ത് വിത്തും വളവും ലഭ്യമാക്കുന്നതിനായി 50 ഫാർമേഴ്സ് സർവീസ് സെന്ററുകൾ തുറക്കും.
- 10 കൊപ്ര/നെല്ല് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കും.

- കൃഷിഭൂമിയിലും മനുഷ്യരുടെ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാന കളെ തുരത്താൻ സ്ഥിരം ടാസ്ക് ഫോഴ്സുകളെ നിയോഗിക്കും.
- കാലിത്തീറ്റ സബ്സിഡി 3 ലക്ഷം കർഷകർക്ക് ലഭ്യമാക്കും

**ഇലക്ട്രോണിക് ഹബ്**

- കൊച്ചിയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹബ് സ്ഥാപിക്കും. 334 ഏക്കർ സ്ഥലം പദ്ധതിക്കായി ഏറ്റെടുക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ മാസ്റ്റർ പ്ലാനും പൂർത്തീകരിക്കും.
- ഇലക്ട്രോണിക് മേഖലയുടെ വികസനത്തിന് എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) സംവിധാനം ഏർപ്പെടുത്തും. കേന്ദ്ര സർക്കാർ വലിയ ബജറ്റ് വിഹിതമാണ് ഇതിനായി നീക്കിവെച്ചിട്ടുള്ളത്.
- കണ്ണൂർ ടെക്സ്റ്റൈൽ ഡെവലപ്മെന്റ് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കും. കോമൺ ഡൈയിംഗ് പ്ലാന്റ് കൊണ്ടുവരും.
- കാസർകോഡ് കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ എച്ച്.എ.എൽ (ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്) പ്രവർത്തനം തുടങ്ങും.
- കേരള സംസ്ഥാന സ്വയം സംരഭക മിഷൻ തുടങ്ങും.

## 4)സുദൃഢകേരളം– സുശക്തമായ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി തീവ്രയത്നങ്ങൾ

- സംസ്ഥാനത്ത് പബ്ലിക്ക് യൂട്ടിലിറ്റി സർവീസ് മികവുറ്റതാക്കാൻ നാല് സിയാൽ മോഡൽ കമ്പനികൾ. 26% ഇക്വിറ്റി സംസ്ഥാന സർക്കാരിന്. ഇത്തരം സ്ഥാപനങ്ങളെ പരസ്യത്തിന് ഉപയോഗിച്ചും അനുബന്ധ കടകൾ സ്ഥാപിച്ചും യൂസർ ഫീസ് ഏർപ്പാടാക്കിയും കാര്യക്ഷമമായി നടത്താൻ കഴിയും. കേരള ബസ് ഷെൽട്ടർ കമ്പനി, കുടിവെള്ള വിതരണ കമ്പനി, പൊതു ടോയിലറ്റ് കമ്പനി, ക്ലീൻ സിറ്റി കമ്പനി എന്നിവയാണവ.

- കേരള ബസ് ഷെൽട്ടർ കമ്പനി– മഴയത്തും വെയിലത്തും ആളുകൾ ബസ് കാത്തുനില്ക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ ബസ് ഷെൽട്ടറുകൾ നിർമിച്ച് പരിപാലിക്കുന്നതാണ് ഈ കമ്പനി.
- കുടിവെള്ള വിതരണ കമ്പനി– ചെറുകിട കുടിവെള്ള ഫിൽട്ടറേഷൻ പ്ലാന്റുകൾ വ്യാപകമായി സ്ഥാപിക്കും. കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായ സ്ഥലങ്ങളിൽ ഇത് ആദ്യം നടപ്പാക്കും.
- പൊതു ടോയിലറ്റ് കമ്പനി– പൊതു ടോയിലറ്റുകളുടെ അഭാവവും നിലവിലുള്ളവയുടെ ശോച്യാവസ്ഥയും പരിഹരിക്കാനുള്ള പദ്ധതി.
- ക്ലീൻ സിറ്റി കമ്പനി– നഗരങ്ങളിലെ അംബരചുംബികളായ കെട്ടിടങ്ങളിലും ഓഫീസ് കെട്ടിടങ്ങളിലും മാലിന്യനിർമാർജനം വലിയ വെല്ലുവിളിയായി തുടരുന്നു. ക്ലീൻ സിറ്റി കമ്പനിക്ക് ഒരു പരിധിവരെ ഇതിനു പരിഹാരം കണ്ടെത്താനാകും.

**വൈദ്യുതി**

- 69.6 മെഗാവാട്ട് മൊത്തം സ്ഥാപിത ശേഷിവരുന്ന പെരിങ്ങൽകുത്ത്, മാങ്കുളം, അപ്പർ കല്ലട, വെള്ളത്തൂവൽ എന്നീ നാല് ജലവൈദ്യുത പദ്ധതി കളുടെ നിർമ്മാണം ആരംഭിക്കും.
- 34.2 മെഗാവാട്ട് മൊത്തം സ്ഥാപിതശേഷി വരുന്ന പീച്ചാട്, ഓലിക്കൽ, പൂവ രത്തോട്, ചിന്നാർ എന്നീ നാല് ജലവൈദ്യുത പദ്ധതികളുടെ ടെൻഡറിംഗ് അടക്കമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കും.
- 153 മെഗാവാട്ട് മൊത്തം സ്ഥാപിതശേഷി വരുന്ന കല്ലാർ, കാന്തൻപാറ, വൈത്തിരി, മാരിപ്പുഴ, വാളംതോട് എന്നീ അഞ്ച് ജലവൈദ്യുത പദ്ധതിക ളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കും.
- 220 കെ.വി. സബ്സ്റ്റേഷനുകളുടെയും ഒരു 66 കെ.വി. സബ്സ്റ്റേഷന്റെ യും, പതിനഞ്ച് 33 കെ.വി. സബ്സ്റ്റേഷനുകളുടേയും പണികൾ പൂർത്തീക രിക്കും.
- 4000 കി.മീ 11 കെ.വി. ലൈനിന്റെ നിർമ്മാണം, 5200 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 7000 കി.മീ സിംഗിൾ ഫേസ് ലൈൻ

ത്രീഫേസ്‌ലൈനാക്കി മാറ്റുക, 3,40,000 സർവ്വീസ് കണക്ഷനുകൾ നൽകുക എന്നിവ പൂർത്തിയാക്കും.

- കാറ്റിൽ നിന്നു വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾക്കു പരമാവധി പ്രോത്സാഹനം നല്കും.

**റോഡുകൾ**

- തീരദേശ ജില്ലകളിലെ 337 റോഡുകളുടെ നിർമ്മാണവും നവീകരണവും പൂർത്തീകരിക്കും
- സംസ്ഥാന റോഡ് വികസന പദ്ധതിക്ക് കീഴിൽ 1000 കിലോമീറ്റർ റോഡ് നവീകരിക്കും.
- KSTP രണ്ടാം ഘട്ടം പുനാരാംഭിക്കും. പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയശേഷം സ്ഥലമെടുപ്പും മറ്റു നടപടികളും പൂർത്തിയാക്കും.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശം ഉള്ള 8570 കിലോമീറ്റർ റോഡ് പൊതുമരാമത്തുവകുപ്പ് ഏറ്റെടുക്കും.
- നബാർഡ് ധനസഹായത്തിൽപ്പെടുത്തി കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ തീരദേശത്തെ പാലങ്ങളുടെ നിർമ്മാണം ഏറ്റെടുക്കും
- ഇടുക്കി വാഗമണിൽ ഓർക്കിഡ് ഉദ്യാനം. മൂന്നാറിൽ ബൊട്ടാണിക്കൽ ഗാർഡൻ.
- നാഷണൽ ഗയിംസിന്റെ 19 വേദികളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ 7 എണ്ണം പൂർത്തിയാക്കുന്നതും 7 എണ്ണത്തിന്റെപണി 80%പൂർത്തിയാക്കുന്നതുമാണ്.
- ചിത്രാഞ്ജലി സ്റ്റുഡിയോടു ചേർന്ന് ഫിലിം സിറ്റിയുടെ നിർമ്മണ പ്രവർത്തനം തുടങ്ങും.
- മുനിസിപ്പാലിറ്റികൾ പാട്ട വ്യവസ്ഥയിൽ നൽകുന്ന സ്ഥലത്ത് ആധുനിക തിയേറ്ററുകൾ സ്ഥാപിക്കും
- തിരുവനന്തപുരം നഗരത്തിൽ ഫിലിം ഫെസ്റ്റിവലിന്റെ നടത്തിപ്പിനായി ഫെസ്റ്റിവൽ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

- ദേശീയ നിലവാരമുള്ള രംഗകലാ മ്യൂസിയം നിർമ്മിക്കും, രംഗകലകളുടെ നോഡൽ ഏജൻസിയായി കലാമണ്ഡലത്തെ പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കും, കേരളീയ രംഗകലകളെ പരിചയപ്പെടുത്തുന്നതിനായി ഒരാഴ്ച നീണ്ടുനിൽക്കുന്ന ഉത്സവം ഡൽഹിയിൽ സംഘടിപ്പിക്കും.

**പഞ്ചായത്തുകൾക്ക് അധികാരം**

- പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാനുള്ള എല്ലാ നിയന്ത്രണാധികാരവും ഗ്രമപഞ്ചായത്തുകൾക്ക് നല്കും. കൂടുതൽ തുക ചെലവഴിക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നും അധിക തുക ലഭ്യമാക്കും.
- പദ്ധതിനടത്തിപ്പിന് ആവശ്യമായ ഓഫീസ് സംവിധാനം ഒരുക്കുന്നതിലേക്ക് സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തിൽ 10 ലക്ഷം രൂപയുടെയും 152 ബ്ലോക്കു പഞ്ചായത്തിലും 20 ലക്ഷം രൂപയുടെയും രാജീവ് ഗാന്ധി ഭാരത് നിർമ്മാണ സേവാ കേന്ദ്രം പണിയും.
- ചേർത്തലയിലെ ജാപ്പനീസ് കുടിവെള്ള പദ്ധതി പൂർത്തീകരിക്കും.
- NABARD, NRDWP, State plan, തുടങ്ങിയയ്ക്ക് കീഴിൽ ഏറ്റെടുത്ത 33 കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തിയാക്കും.
- 2010 ൽ SLSSE അംഗീകാരം നേടിയ 228 കോടി രൂപയുടെ 43 പദ്ധതി കൾക്കും 2011 ൽ SLSSE അംഗീകാരം നേടിയ 181 കോടി രൂപയുടെ 25 പദ്ധതികൾക്കും തുടക്കം കുറിക്കും.
- ജലനിധി രണ്ടാം ഘട്ടത്തിൽ 200 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തും.
- ആയിരം പുതിയ ബസ്സുകൾ പുറത്തിറക്കി പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം ശക്തിപ്പെടുത്തും.
- ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാക്കൽ ത്വരിതപ്പെടുത്തും. കരസേനയുടെ സഹായത്തോടെ നിർമ്മിക്കുന്ന ബെയ്‌ലി ബ്രിഡ്ജ് നിർമ്മാണം പൂർത്തി യായി. സ്വാമി അയ്യപ്പൻ റോഡ്, ക്യൂ കോംപ്ലക്സുകൾ, നിലയ്ക്കൽ ബെയ്സ് ക്യാമ്പിലെ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തും.

## 5) ആരോഗ്യകേരളം– എല്ലാവർക്കും മികച്ച ചികിത്സാ സൗകര്യങ്ങൾ

- സംസ്ഥാനത്തു നടപ്പാക്കിവരുന്ന രാഷ്ട്രീയ സ്വസ്ത് ഭീമ യോജന യുടെ പരിധിയിൽ ഉൾപ്പെടാത്ത രോഗങ്ങളുടെ സൗജന്യ ചികിത്സക്കായി 'കേരള ആരോഗ്യശ്രീ' എന്ന പദ്ധതി ആരംഭിക്കും. ആദ്യഘട്ടമായി സംസ്ഥാനത്തെ 23 സർക്കാർ സ്വകാര്യ സഹകരണ മെഡിക്കൽ കോളേജു കളിലും റീജിയണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീചിത്രാമെഡിക്കൽ സെന്റർ എന്നിവിടങ്ങളിലും പദ്ധതി നടപ്പാക്കും.
- ബി.പി.എൽ ജന വിഭാഗങ്ങൾക്കു 2 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരി രക്ഷ നൽകുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.
- കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി സഹകരിച്ച് ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പടെ എല്ലാ അവശ്യ മരുന്നുകളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കും.
- ഇടുക്കി, പത്തനംതിട്ട, കാസർഗോഡ്, മലപ്പുറം എന്നിവിടങ്ങളിൽ മെഡി ക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭി ക്കും.
- ആശുപത്രികൾ കേന്ദ്രീകരിച്ച് 100 മെഡിക്കൽ സ്റ്റോറുകൾ കൂടി ആരംഭിക്കും.
- എല്ലാ ജില്ലാ ആശുപത്രികളിലും ഡയാലിസിസ്സിന് സംവിധാനം ഏർപ്പെടു ത്തും
- ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവി ക്കുന്നവരെ സഹായിക്കാൻ പ്രത്യേക പദ്ധതി.
- ബധിര മൂക കുഞ്ഞുങ്ങൾക്ക് ഓപ്പറേഷനിലൂടെ കേൾവിശക്തി ലഭിക്കുന്നതിനുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കുന്നതാണ്. അഞ്ചുലക്ഷം രൂപ വീതം ധനസഹായം നല്കും.
- പത്ത് ജില്ലാ ആശുപത്രികളിൽ ട്രോമ കെയർ യൂണിറ്റുകൾ.
- എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വിദഗ്ധഡോക്ടർമാരുടെ സേവനം ലഭ്യമാകുന്ന ഓരോ ആശുപത്രികൾ സ്ഥാപിക്കുന്നതിന് നടപടി.

- 21 ആയുവേദ ഡിസ്പെൻസറികൾ സ്ഥാപിക്കും, 60 പുതിയ ഹോമിയോ ഡിസ്പെൻസറികൾ, മലപ്പുറം ജില്ലയിൽ ചേതന എന്ന പേരിൽ ക്യാൻസർ ചികിൽസാ കേന്ദ്രം എന്നിവ ആരംഭിക്കും.
- ശബരിമലയ്ക്ക് പ്രത്യേക ആരോഗ്യ പാക്കേജ്.

**6) വിവര വിജ്ഞാന കേരളം- വിവരവിജ്ഞാന മേഖലയിൽ കുതിപ്പിനുവേണ്ടിയുള്ള നിരവധി യജ്ഞങ്ങൾ.**

- വൈദ്യുതിചാർജ്ജ് കേരളത്തിൽ എവിടേയും അടയ്ക്കുവാൻ സംവിധാനം. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് ഇത് ഒരുക്കിയിരിക്കുന്നത്.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂർണ്ണമായി കംപ്യൂട്ടറൈസ് ചെയ്യുന്നതിനു നടപടികൾ സ്വീകരിക്കുകയും Web Based Portal വഴി രജിസ്ട്രേഷനുള്ള സംവിധാനം ആരംഭിക്കുകയും ചെയ്യും
- ഇ-ഗവേണൻസ് -രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഓൺലൈൻ ആയി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.
- വില്ലേജ് ഓഫീസുകൾ നൽകുന്ന 23 പ്രധാനപ്പെട്ട സർട്ടിഫിക്കറ്റുകൾ ഡിജിറ്റലൈസ് ചെയ്ത രീതിയിൽ അക്ഷയ സെന്ററുകൾവഴി എളുപ്പത്തിൽ നൽകും.
- ഒൻപത് ജില്ലകളിലെ 556 വില്ലേജുകളിൽക്കൂടി RELIS വഴി ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തും. 1634 റവന്യൂ വില്ലേജുകളിലെ സ്വതന്ത്ര വിനിമയാവകാശമുള്ള ഭൂമി/ സ്വകാര്യ ഭൂമി/ ജന്മാവകാശമുള്ള ഭൂമി എന്നിവ തരംതിരിച്ച് ഡേറ്റാബേസ് തയ്യാറാക്കും.
- ഇ - ടെണ്ടറിംഗ് ആരംഭിക്കും.
- പ്രവാസി തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷ ഓൺലൈനാക്കി ഇപേമെന്റ് സംവിധാനം നടപ്പാക്കും.
- ട്രഷറികളുടെ നവീകരണവും നെറ്റ് വർക്കിംഗും പൂർത്തിയാക്കും

## 7) സംതൃപ്ത കേരളം– മാനവശേഷി വികസനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നു.

- വിദ്യാഭ്യാസപാക്കേജ്: പൊതുവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റത്തിനു തുടക്കമിടുന്ന വിദ്യാർത്ഥി – അധ്യാപക അനുപാതം 1: 30 നടപ്പാക്കും. 10,503 അധ്യാപകർക്ക് പ്രയോജനം ലഭിക്കും. വിദ്യാർത്ഥികളുടെ തലയെണ്ണൽ നിർത്തലാക്കി. എയ്ഡഡ് സ്കൂൾ അധ്യാപകരെ ഇനി മുതൽ സർക്കാരിന്റെ അംഗീകാരം നേടിയ ശേഷം മാത്രമേ നിയമിക്കാവൂ.
- സ്വാശ്രയമേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം. ബന്ധപ്പെട്ട എല്ലാവരുമായും ചർച്ച ചെയ്ത് സമവായം. സ്വാശ്രയകോളജിലെ അഡ്മിഷൻ, ഫീസ് ഘടന എന്നിവ സാമൂഹികനീതി ഉറപ്പാക്കി നടപ്പാക്കും.
- ഗവ – എയിഡഡ് സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും ഇൻഷുറൻസ് പരിരക്ഷ.
- സാങ്കേതിക സർവ്വകലാശാലയും മലയാളം സർവ്വകലാശാലയും സ്ഥാപിക്കുന്നതിന് നടപടി.
- കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിൽ ഒരു ഫാർമസി കോളേജും പാലക്കാട് ജില്ലയിൽ സഹകരണ മേഖലയിൽ മെഡിക്കൽ കേളേജും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- അട്ടപ്പാടിയിൽ ആർട്സ് & സയൻസ് കോളജ്.
- കൊടുങ്ങല്ലൂരിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതും കൊച്ചിയിൽ ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിക്ക് 60 ഏക്കർ സ്ഥലം നല്കുന്നതുമാണ്.
- വിദ്യാഭ്യാസ മേഖലയിൽ രണ്ട് പുതിയ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളും സഹകരണ വിദ്യാഭ്യാസ മേഖലയിൽ 5 പുതിയ കോഴ്സുകളും ആരംഭിക്കും.
- ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ നടപടി.
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ കോട്ടയം സെന്ററിന്റെ പ്രവർത്തനം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആരംഭിക്കും

- എൻ.ഐ.എഫ്.ടി കാമ്പസ് പൂർത്തീകരിച്ച് രാഷ്ട്രത്തിന് സമർപ്പിക്കും.
- ബൗദ്ധിക സ്വത്തവകാശത്തിൻ കീഴിൽ പൈതൃക അറിവുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക അതോറിറ്റി.

**പട്ടയപ്രശ്നത്തിനു പരിഹാരം**

- 01.01.1977 ന് മുമ്പ് കുടിയേറ്റം നടത്തിയ എല്ലാവരുടേയും പട്ടയപ്രശ്നം പരിഹരിക്കുന്നതിനു നടപടി.
- എല്ലാ നിത്യോപയോഗ സാധനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി നിലവിലുള്ള സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളായി ഉയർത്തും.
- വിൽപ്പനയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കും, നിലവിലുള്ള 75 മാവേലി സ്റ്റോറുകൾ, ഇത്തരത്തിൽ സൂപ്പർ മാർക്കറ്റുകളായി ഉയർത്തും.
- ഒരു രൂപ അരി പദ്ധതി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകും. അപേക്ഷിച്ചാൽ ഉടൻ റേഷൻ കാർഡ് നല്കുന്ന പദ്ധതി തുടരും.
- നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് 80 പുതിയ ത്രിവേണി സ്റ്റോറുകൾ, 80 സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ, 5 ഒഴുകുന്ന ത്രിവേണി സ്റ്റോർ, 125 നീതി മെഡിക്കൽ സ്റ്റോർ, 4 നീതി മെഡിക്കൽ വെയർഹൗസ്, എന്നിവ ആരംഭിക്കും.
- 'നന്മ' പദ്ധതിയിൻ കീഴിൽ 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുന്നതിനായി 2000 വിൽപ്പന കേന്ദ്രങ്ങളും, 20 കൺസ്യൂമർ യൂണിറ്റുകളും 5000 ഉത്സവകാല ചന്തകളും ആരംഭിക്കും.

**സുരക്ഷ**

- തിരുവനന്തപുരത്ത് "തിരുവനന്തപുരം സിറ്റി പോലീസ്" എന്ന പേരിൽ പ്രത്യേക യൂണിഫോമോടുകൂടി പോലീസ് കമ്മീഷണറുടെ കീഴിൽ പ്രത്യേക പോലീസ് സംവിധാനം (കമ്പ്യൂട്ടർ ലാപ്ടോപ്പ്, ബ്രീത്ത് അനലൈ

സർ, ക്യാമറ എന്നിവയുടെ സഹായത്തോടെ) നടപ്പിൽ വരുത്തും. കുറ്റകൃത്യങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ 5 മിനിട്ടിനകം SWIFT Action Team സംഭവസ്ഥലത്ത് എത്തി പ്രഥമ ശുശ്രൂഷ ഉൾപ്പെടെയുള്ള നടപടി കൈക്കൊള്ളും.

- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സഹായിക്കുന്ന തരത്തിൽ ഇലക്ട്രോണിക് ബീറ്റ് സമ്പ്രദായത്തിന് തുടക്കം കുറിക്കുന്നു.
- ഗുണ്ടാ ആക്ടിൽ (Kerala Anti Social Activities (Prevention) Act മാറ്റം വരുത്തി ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കും
- സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി രൂപീകരിക്കും. സി.ബി.ഐയുടെ മാതൃകയിൽ സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഒരു പുതിയ ഏജൻസി സ്ഥാപിക്കും. സത്രീകൾക്കെതിരെയുള്ള ഏത് അതിക്രമത്തിനും എതിരെ ഉടൻ നടപടി എടുക്കാനായി ഒരു കോൾ സെന്ററും ദ്രുതകർമ്മ വിഭാഗവും എല്ലാ ജില്ലകളിലും ആരംഭിക്കും.
- സംസ്ഥാന പ്രത്യേക സുരക്ഷാ സേന (State Industrial Security Force) രൂപീകരിക്കും
- വനിതാ ഹെൽപ്പ് ഡെസ്കുകൾ 150 പോലീസ് സ്റ്റേഷനുകളിൽ കൂടി
- മെച്ചപ്പെട്ട ട്രാഫിക് സംവിധാനം ഒരുക്കുന്നതിനും ട്രാഫിക് നിയമലംഘനം കണ്ടെത്തുന്നതിനുമുള്ള കേന്ദ്രീക്രൃത സംവിധാനം 300 കേന്ദ്രങ്ങളിൽ കൂടി
- ഫോറൻസിക് ലബോറട്ടറികൾക്ക് ഓഡിയോ വീഡിയോ അനാലിസിസ് ഉപകരണങ്ങൾ നൽകും. നിലവിൽ ഗുജറാത്ത്, മുംബൈ, ചണ്ഡിഗഢ്, എന്നിവിടങ്ങളിലെ ലാബോറട്ടറികളിൽ മാത്രമാണ് ഈ സംവിധാനം ഉള്ളത്.
- തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ അതീവ സുരക്ഷാ ജയിൽ സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിക്കുന്നതാണ്.
- നോർക്കയുടെ പ്രവർത്തനങ്ങൾ നവീകരിക്കാനും വിദേശ മലയാളി ക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമാക്കാനും നടപടികൾ സ്വീകരിച്ചു.

ഇതിലേക്ക് 2011 ഡിസംബറിൽ ഗ്ലോബൽ എൻ.ആർ.കെ മീറ്റ് സംഘടിപ്പിക്കും. ഇന്ത്യയ്ക്കകത്തുള്ള പ്രവാസികളായ മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾകൂടി നോർക്കയുടെ പരിധിയിൽ കൊണ്ടുവരും.

- വിദേശ മലയാളികളുടെ ജയിൽമോചനം ഉൾപ്പെടെയുള്ള നിയമ പ്രശ്നങ്ങളിൽ ഉപദേശം നൽകാനും അതാതു രാജ്യങ്ങളിലെ നിയമപരിമിതികൾക്കുള്ളിൽ നിന്നു പരിഹാരം കാണാനും പ്രവാസി ലീഗൽ എയ്ഡ്സെൽ രൂപീകരിക്കും.

**നിർഭയ പദ്ധതി**

- സ്ത്രീകളുടെയും കുട്ടികളുടെയും പരിരക്ഷയ്ക്ക് നിർഭയ പദ്ധതി നടപ്പാക്കും.
- മദ്യാസക്തിക്കെതിരായ വിപുലമായ പ്രചരണം നടത്തും.
- ആശ്രയ പദ്ധതിയും സ്കൂളിലെ ഉച്ചക്കഞ്ഞി പദ്ധതിയും കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും.
- സംസ്ഥാനത്തിന് പുറത്ത് മീറ്റുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് 3AC യാത്രാസൗകര്യം ഏർപ്പെടുത്തുന്നതാണ്.
- എല്ലാ പട്ടികവർഗ്ഗക്കാർക്കും എല്ലാവിധ ആവശ്യങ്ങൾക്കും ഉപയുക്തമാകുന്ന രീതിയിൽ ഒരു തിരിച്ചറിയിൽ കാർഡ് ഏർപ്പെടുത്തും. പട്ടികവർഗ്ഗക്കാർക്ക് അവരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും, ആശുപത്രികളിലും മറ്റും പോകുമ്പോൾ ഒരു ജാതി സർട്ടിഫിക്കറ്റിന്റെ ഫലം നൽകുന്ന വിധത്തിലുള്ള ഒരു തിരിച്ചറിയൽ രേഖയായിരിക്കും ഇത്.
- പട്ടികജാതി വകുപ്പിൽ നിന്നും സഹായം നൽകി പൂർത്തിയാകാതെ കിടക്കുന്ന വീടുകളിൽ 8000 എണ്ണം പൂർത്തിയാക്കും. 1500 പുതിയ വീടുകളും നിർമ്മിക്കും.
- പഞ്ചായത്തു വകുപ്പുമായി സഹകരിച്ച് NRLM (National Rural Livelhood Mission) പദ്ധതി ആരംഭിക്കും. കുടുംബശ്രീയെ ശക്തിപ്പെടു

ത്തുന്നതോടൊപ്പം മറ്റ് സ്വയംസഹായ സംഘങ്ങൾക്ക് പദ്ധതി നടത്തിപ്പിൽ പങ്കാളിത്തം നൽകും

- എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജ്. എൻഡോ സൾഫാൻ ദുരിത ബാധിതർക്ക് എംപ്ലോയ്മെന്റ് നിയമനങ്ങളിൽ മുൻഗണനയും ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവും അനുവദിക്കും
- ഗുരുവായൂർ ക്ഷേത്രത്തിന്റെ സുരക്ഷ ശക്തിപ്പെടുത്തും. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച വിധത്തിലുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തും.
- ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി പ്രാബല്യത്തിൽ വരും. ആധുനിക സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കും.

**വിഷൻ 2030**

- നൂറുദിന കർമപരിപാടിയിൽ പ്രഖ്യാപിച്ച കേരള വിഷൻ 2030 പരിപാടിയിൽ കൂടുതൽ ആശയങ്ങൾ സ്വീകരിച്ചുകൊണ്ട് വികസന അജൻഡയിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരും. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും കൂടുതൽ ആശയങ്ങൾ സ്വാംശീകരിക്കുന്നതാണ്. ഇതുവരെ രണ്ടായിരത്തിലധികം ആശയങ്ങൾ ലഭിച്ചിരുന്നു.